# പ്രവാചക ശ്രേഷ്ഠനെ പിന്തുടരുക

إتباع الرسول صلى الله عليه وسلم

[ مليالم – Malayalam – മലയാളം]

കബീർ എം. പറളി

محمد كبير سلفي

പരിശോധന: കെ. സി. അയ്യൂബ്

مراجعة: ك. سي. أيوب

## പ്രവാചക ശ്രേഷ്ഠനെ പിന്തുടരുക

بِسْمِ اللَّهِ الرَّحْمَـٰنِ الرَّحِيمِ

സത്യം, വഴി, ലക്ഷ്യം, ധര്‍മ്മം തുടങ്ങിയ മനുഷ്യജീവിതത്തിന്റെ അടിസ്ഥാന വശങ്ങള്‍ മുഴുവന്‍ അല്ലാഹു പഠിപ്പിച്ചത് അന്ത്യപ്രവാചകനായ മുഹമ്മദ് നബി (ﷺ)യിലൂടെയാണ്. ജിന്നുവര്‍ഗത്തിനും മനുഷ്യ വര്‍ഗത്തിനുമായി നിയോഗിക്കപ്പെട്ട തിരുനബി(ﷺ) പ്രവാചകത്വ കാലം മുഴുവന്‍ വിനിയോഗിച്ചത് അല്ലാഹു ഏല്‍പ്പിച്ചു നല്‍കിയ ദൗത്യം ഭംഗം കൂടാതെ നിര്‍വഹിക്കാനായിരുന്നു.എന്തൊക്കെയായിരുന്നു നബി(ﷺ)യിലേല്‍പ്പിക്കപ്പെട്ട ദൗത്യങ്ങള്‍ എന്ന് ഖുര്‍ആന്‍ വ്യക്തമാക്കിയിട്ടു□ ്.

الَّذِينَ يَتَّبِعُونَ الرَّسُولَ النَّبِيَّ الأُمِّيَّ الَّذِي يَجِدُونَهُ مَكْتُوبًا عِندَهُمْ فِي التَّوْرَاةِ وَالإِنْجِيلِ يَأْمُرُهُم بِالْمَعْرُوفِ وَيَنْهَاهُمْ عَنِ الْمُنكَرِ وَيُحِلُّ لَهُمُ الطَّيِّبَاتِ وَيُحَرِّمُ عَلَيْهِمُ الْخَبَآئِثَ وَيَضَعُ عَنْهُمْ إِصْرَهُمْ وَالأَغْلاَلَ الَّتِي كَانَتْ عَلَيْهِمْ فَالَّذِينَ آمَنُواْ بِهِ وَعَزَّرُوهُ وَنَصَرُوهُ وَاتَّبَعُواْ النُّورَ الَّذِيَ أُنزِلَ مَعَهُ أُوْلَـئِكَ هُمُ الْمُفْلِحُونَ

(الأعراف/157)

‘‘തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തപ്പെട്ടതായി അവര്‍ക്ക് ക□ ത്താന്‍ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിന്‍പറ്റുന്നവര്‍ക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്.) അവരോട് അദ്ദേഹം സദാചാരം കല്‍പിക്കുകയും,ദുരാചാരത്തില്‍ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കള്‍ അവര്‍ക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കള്‍ അവരുടെ മേല്‍ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലു□ ായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കി വെക്കുകയും ചെയ്യുന്നു. അപ്പോള്‍ അദ്ദേഹത്തില്‍ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിന്‍പറ്റുകയും ചെയ്തവരാരോ, അവര്‍ തന്നെയാണ് വിജയികള്‍.’’ (അഅ്റാഫ്/157)

പ്രവാചക ദൗത്യം സുതരാം വ്യക്തമാകുന്ന പ്രസ്താവനയാണ് മുകളിലെ സൂക്തം. ഈ സംഗതി ബോധ്യപ്പെട്ട വ്യക്തികളുടെ കണിശമായ ബാധ്യതയാണ് ആയത്തിന്റെ അവസാന ഭാഗം വിശദീകരിക്കുന്നത്. സദാചാരങ്ങളിലേക്ക് വഴി നടത്തിയ, നല്ല വസ്തുക്കളെ അനുവദനീയമാക്കി നല്‍കിയ, വിശ്വാസ-കര്‍മ്മ-സ്വഭാ വ-ക്രയവിക്രയ- നിലപാടു മേഖലകളിലെ മുഴുവന്‍ ഭാരങ്ങളില്‍ നിന്നും ചങ്ങല കളില്‍ നിന്നും മോചനമേകിയ തിരുദൂതനെ മനസ്സറിഞ്ഞ് വിശ്വസിക്കുകയും, അ ദ്ദേഹത്തിന്റെ ജീവിതത്തെ അനുസരിക്കുകയും, അല്ലാഹുവില്‍ നിന്ന് അവതീര്‍ ണ്ണമായ പ്രകാശത്തെ പിന്‍പറ്റുകയും ചെയ്യുക എന്ന അതിമഹത്തായ ഉത്തരവാ ദിത്തമാണ് വിശ്വാസികള്‍ക്കുള്ളത്. പ്രസ്തുത ഉത്തരവാദിത്തം അവര്‍ പ്രാധാന്യ പൂര്‍വം പ്രാവര്‍ത്തികമാക്കുന്നൂ എങ്കില്‍ അവരാണ് പരലോകത്ത് സ്വര്‍ഗം ലഭിച്ച് വിജയികളായിത്തീരുന്നത്.

പ്രവാചകനെ അവിടുത്തെ ജീവിതകാലത്തും വിയോഗശേഷവും വിശ്വാസീ ലോകം പിന്തുടരണം. ഖുർആൻ ഓതിത്തന്നും, അതിനെ ജീവിതം കൊ□ ˘ വിശദീകരിച്ചും ഇസ്‌ലാമിക ജീവിതമെങ്ങിനെയാണെന്ന് നബി(ﷺ)പഠിപ്പിച്ചിട്ടു□ ˘. തിരുനബിയെ അനുധാവനം ചെയ്യാതെ നേർവഴിയിലൂടെ സഞ്ചരിക്കാനോ സ്വർഗത്തിലെത്താനോ സാധ്യമല്ല. പരലോകത്ത് വിജയികളായിത്തീരാൻ കുറുക്കുവഴികളൊന്നും നബി(ﷺ) പഠിപ്പിച്ചിട്ടില്ല. പ്രവാചക കാലത്തോ ശേഷമോ, വിശുദ്ധരായ സ്വഹാബികൾ അത്തരം കുറുക്കുവഴികൾ സൃഷ്ടിച്ച് അവയിലൂടെ സഞ്ചരിച്ചിട്ടുമില്ല. അല്ലാഹുവിനേയും അവന്റെ ദൂതനേയും പ്രാമാണികമായി അനുസരിക്കുക വഴിയാണ് ഒരാൾക്ക് വിജയം കരസ്ഥമാക്കാനാകുന്നത് എന്ന് ഖുർആൻ പറയുന്നു□ ˘.

وَمَن يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا (أحزاب/71)

‘‘അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു.’’ (അഹ്സാബ്/71)

നന്മകളായ നന്മകളൊക്കെ പഠിപ്പിച്ചു തന്ന റസൂലിനെ സർവരേക്കാളും സ്നേഹിക്കാനാകുമ്പോഴാണ് ഒരാൾക്ക് ശരിയായ വിശ്വാസിയാകാനും, അവിടുത്തെ ചര്യകളെ കലവറയില്ലാതെ ഉൾക്കൊള്ളാനും പിന്തുടരാനും സാധിക്കുകയുള്ളൂ. നബി(ﷺ) തന്നെ അക്കാര്യം നമ്മെ ബോധ്യപ്പെടുത്തിയിട്ടു□ ˘.

عن أنس رضي الله عنه قال: قال النبي صلى الله عليه وسلم: لا يؤمن أحدكم حتى أكون أحب إليه من والده وولده والناس أجمعين (البخاري، كتاب الإيمان)

അനസ്(رضي الله عنه) നിവേദനം. നബി(ﷺ) അരുളി: ‘‘തന്റെ പിതാവിനേക്കാളും, സന്താനത്തേക്കാളും മുഴുവൻ ജനങ്ങളേക്കാളും ഒരാൾക്ക് ഞാൻ പ്രിയങ്കരനാകുവോളം അവന്ന് മുഅ്മിനാകുക സാധ്യമല്ല.’’ (ബുഖാരി, കിതാബുൽ ഈമാൻ)

സൃഷ്ടിച്ചു പോറ്റുന്ന റബ്ബിനെ പരമമായി സ്നേഹിക്കുന്നവരാണ് സത്യവിശ്വാസികൾ. തന്നിലുള്ള സ്നേഹത്തിന്റെ പ്രകടനം എവ്വിധത്തിലായിരിക്കണമെന്ന് അല്ലാഹു തന്നെ വ്യക്തമാക്കിയിട്ടു□ ˘. നബി(ﷺ) ഖുർആൻ മുന്നിൽവെച്ചു കൊ□ ˘ പഠിപ്പിച്ച ഇസ്‌ലാമിക പാഠങ്ങളെ മുഴുവൻ മനസ്സാവാചാ കർമ്മണാ അംഗീകരിച്ച് പിന്തുടരുക എന്നതാണ് തന്നിലുള്ള അർഥവത്തായ സ്നേഹത്തിന്റെ ലക്ഷണമെന്ന് അല്ലാഹു പറഞ്ഞു തരുന്നു. അങ്ങിനെയുള്ളവർക്കാണ് റബ്ബിന്റെ സ്നേഹം കരസ്ഥമാക്കാനാകുക എന്നും വിശദീകരിക്കുന്നു.

قُلْ إِن كُنتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمُ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَّحِيمٌ (آل عمران/31)

‘‘(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നു□ ങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.’’ (ആലു ഇംറാൻ/31)

ദേഹേച്ഛകളേയും ജീവിതത്തിലെ പ്രലോഭനങ്ങളേയും മാറ്റി നിർത്തിക്കൊ□ ുള്ളതാകണം പ്രവാചകനോടുള്ള അനുസരണം. ഒന്നിനേയും എതിർക്കാതെ പിന്തുടരുക. പല ഭൗതികസാഹചര്യങ്ങളും, ചില ബൗദ്ധിക നിലപാടുകളും ചിലപ്പോഴെങ്കിലും പ്രവാചകചര്യകളെ ജീവിതത്തിന് യോജിക്കാത്തവയായി കാണാൻ പ്രേരിപ്പിച്ചെന്നു വരും. പരമമായ അർത്ഥത്തിൽ പ്രവാചകന്റെ അധ്യാപനങ്ങൾ മുഴുവനും ഗുണമാണെന്നും, ജീവിതത്തിൽ നിന്ന് മാറ്റി നിർത്താവുന്ന ഒന്നും

അവയിലില്ലെന്നും വിശ്വാസിക്കാൻ മുഅ്മിനുകൾക്ക് സാധിക്കുന്നില്ലെങ്കിൽ പ്രവാചകനോടുള്ള വിശ്വാസത്തിലും സ്നേഹത്തിലും കഴമ്പില്ല. എന്നു മാത്രമല്ല, തിരുമേനിയെ പൂർണ്ണമായും അനുസരിക്കാൻ തയ്യാറാകുന്ന ഒരാൾക്കാണ് സ്വർഗ പ്രവേശം സാധ്യമാകുന്നത് എന്ന് ഹദീസുകൾ പഠിപ്പിക്കുന്നു□ ്.

فعن أبي هريرة رضي الله عنه أن رسول الله صلى الله عليه وسلم قال: "كل أمتي يدخلون الجنة إلا من أبى، قالوا: يا رسول الله! ومن يأبى؟ قال: من أطاعني دخل الجنة، ومن عصاني فقد أبى (البخاري)

അബൂഹുറയ്റ(ﷺ) നിവേദനം. അല്ലാഹുവിന്റെ ദൂതൻ(ﷺ) അരുളി:‘‘എന്റെ സമുദായത്തിലെ എല്ലാവരും സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്; വിസമ്മതിച്ചവനൊഴികെ. സ്വഹാബികൾ ചോദിച്ചു: ആരാണ് വിസമ്മതിച്ചവൻ? തിരുമേനി(ﷺ) പറഞ്ഞു: എന്നെ അനുസരിച്ചവൻ സ്വർഗത്തിൽ കടന്നു. എന്നോട് അനുസരണക്കേട് കാണിച്ചവനാണ് വിസമ്മതിച്ചവൻ.’’ (ബുഖാരി)

ദീനിനനുസരിച്ച് ജീവിക്കാനാവശ്യമായ എല്ലാ വിശ്വാസങ്ങളും ആരാധനകളും സ്വഭാവങ്ങളും നബി(ﷺ) പ്രായോഗികമായി പരിശീലിപ്പിച്ചു തന്നിട്ടുള്ളതാണ്. ഒന്നും വിട്ടു കളഞ്ഞിട്ടില്ല. കാലികമായി ദീനിൽ ഇനിയും ചില നന്മകൾ കൂടി ഉ□ ാകേ□ തു□ ് എന്ന് വാദിക്കാനോ, അത്തരം സംഗതികളു□ ാക്കി ആചരിക്കാനോ ഇസ്ലാം അനുവദിക്കുന്നുമില്ല. അതുകൊ□ ു തന്നെ തിരുമേനി നൽകിയതെല്ലാം സ്വീകരിക്കാനും, വിലക്കിയതിൽ നിന്നെല്ലാം മാറിനിൽക്കാനും മുഅ്മിനുകൾ തയ്യാറാകണം. അല്ലാഹു പറഞ്ഞു:

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ(الحشر: 7)

‘‘നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക.’’ (ഹശ്ർ/7)

പ്രവാചകൻ മനുഷ്യസമൂഹത്തെ ക്ഷണിച്ചത് ജീവസ്സുറ്റ മാർഗത്തിലേക്കാണ്. തീർത്തും റബ്ബിന്റെ കൽപന പ്രകാരമായിരുന്നു തിരുമേനിയുടെ അധ്യാപനങ്ങൾ മുഴുവനും. അല്ലാഹുവുന്റേയും റസൂലിന്റേയും ക്ഷണത്തിന് ഉത്തരം നൽകുമ്പോൾ സത്യവിശ്വാസികൾക്ക് ലഭിക്കുന്നത് സജീവമായ, ആനന്ദകരമായ ജീവിതമാണ്. അല്ലാഹുവിന്റെ ആഹ്വാനം കാണുക:

يَا أَيُّهَا الَّذِينَ آمَنُواْ اسْتَجِيبُواْ لِلّهِ وَلِلرَّسُولِ إِذَا دَعَاكُم لِمَا يُحْيِيكُمْ (الأنفال/24)

‘‘നിങ്ങൾക്ക് ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക.’’ (അൻഫാൽ/24)

സന്മാർഗത്തിൽ ജീവിതം തുടരാൻ മനസാ കൊതിക്കുന്നവർ പ്രവാചകനെയാണ് അനുസരിക്കേ□ ത്. വെളിച്ചം നിറഞ്ഞ പാതയാണ് തിരുമേനിയുടെ സുന്നത്ത്.രാത്രി പോലും പകൽ പോലെ പ്രകാശം നിറഞ്ഞ പാത. സ്വർഗ്ഗത്തോളം സുരക്ഷിതമായുള്ള യാത്രക്ക് ആ പാതയല്ലാതെ വേറൊന്നില്ല. അതുകൊ□ ു തന്നെയാണ് വിശ്വാസികളെ പഠിപ്പിക്കാനായി പ്രവാചകനോട് അല്ലാഹു ഇപ്രകാരം പറഞ്ഞത്:

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللهِ إِلَيْكُمْ جَمِيعًا الَّذِي لَهُ مُلْكُ السَّمَاوَاتِ وَالأَرْضِ لا إِلَهَ إِلاَّ هُوَ يُحْيِي وَيُمِيتُ فَآمِنُواْ بِاللّهِ وَرَسُولِهِ النَّبِيِّ الأُمِّيِّ الَّذِي يُؤْمِنُ بِاللّهِ وَكَلِمَاتِهِ وَاتَّبِعُوهُ لَعَلَّكُمْ تَهْتَدُونَ (الأعراف: 158)

''പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ(ദൂതൻ.) അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാർഗം പ്രാപിക്കാം.'' (അഅ്റാഫ്/158)

മുഅ്മിനുകൾ അല്ലാഹുവിന്റെ മേൽസൂചിത കൽപനക്ക് ചെവി കൊടുക്കുന്നവരാണെന്ന് ഖുർആൻ പറയുന്നു□ ്. എന്തു കൊ□ ന്നാൽ അതിലാണ് ലക്ഷ്യ വിജയമുള്ളത്. വിജയ പ്രതീക്ഷയോടെയുള്ള ജീവിതം നയിക്കുന്ന ആരും അല്ലാഹുവിന്റെ കൽപനയെ അവഗണിക്കുകയില്ല. അല്ലാഹുവിനേയും റസൂലിനേയും സ്നേഹിക്കുന്നവരും അനുസരിക്കുകയും ചെയ്യുന്നവരെന്ന നിലക്ക് സത്യവിശ്വാസികളുടെ നിലപാട് എന്തായിരിക്കുമെന്ന് ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

إِنَّمَا كَانَ قَوْلَ الْمُؤْمِنِينَ إِذَا دُعُوا إِلَى اللَّهِ وَرَسُولِهِ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا سَمِعْنَا وَأَطَعْنَا وَأُوْلَئِكَ هُمُ الْمُفْلِحُونَ (النور/51)

''തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പു കൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ.'' (നൂർ/51)

വസ്തുത ഇതാണെങ്കിലും, പ്രവാചക ചര്യക്കെതിരെ നിലകൊള്ളുന്നവർ മുസ്ലിം ഉമ്മത്തിൽ പ്രത്യക്ഷപ്പെടാം. ഒന്നുകിൽ അവയെ മുഴുവനായൊ, ഭാഗികമായൊ നിരാകരിച്ചു കൊ□ ായിരിക്കും അത്തരക്കാരുടെ വരവ്. അതല്ലെങ്കിൽ അല്ലാഹുവിന്റെ ദൂതൻ(ﷺ) ദീനിൽ പഠിപ്പിച്ചിട്ടില്ലാത്തതും പരിശീലിപ്പിച്ചിട്ടില്ലാത്തതുമായ പുതിയ ആചാരങ്ങളും വിശ്വാസങ്ങളും നിർമ്മിച്ചാചരിച്ചു കൊ□ ാകും. ര□ ു വിഭാഗം പ്രവാവചക സുന്നത്തിനോട് യുദ്ധം പ്രഖ്യാപിച്ചവരാണ്. അവരെ എതിരിട്ട് തോൽപിക്കാനുള്ള ആഹ്വാനം നബി(ﷺ) തന്നെ നടത്തിയിട്ടു□ ്.

عن عبد الله بن مسعود رضي الله عنه أن رسول الله صلى الله عليه وسلم قال: "ما من نبي بعثه الله في أمة قبلي إلا كان له من أمته حواريون وأصحاب يأخذون بسنته، ويقتدون بأمره، ثم إنها تخلف من بعدهم خلوف، يقولون ما لا يفعلون، ويفعلون ما لا يؤمرون، ومن جاهدهم بيده فهو مؤمن، ومن جاهدهم بلسانه فهو مؤمن، ومن جاهدهم بقلبه فهو مؤمن، وليس وراء ذلك من الإيمان حبة خردل" (مسلم)

അബ്ദുല്ലാഹി ബ്നു മസ്ഊദ്(ﷺ) നിവേദനം. അല്ലാഹുവിന്റെ ദൂതൻ അരുളി: ''എനിക്കു മുമ്പുള്ള സമൂഹങ്ങളിലേക്ക് നിയോഗിക്കപ്പെട്ട മുഴുവൻ പ്രവാചകന്മാർക്കും, അവരെ സഹായിക്കുന്നവരും, അവരുടെ ചര്യകളെ സ്വീകരിക്കുന്നവരും, അവരുടെ കൽപനകളെ പിന്തുടരുന്നവരുമായ ആളുകൾ ആ സമൂഹങ്ങളി

ൽ നിന്നും ഉ□ ായിരുന്നിട്ടു□ ˘. എന്നാൽ അവരുടെ കാലശേഷം ഒരുവിഭാഗം ആളുകൾ വരുന്നതാണ്. സ്വയം പ്രവർത്തിക്കാത്തതാകും അവർ പറയുക. കൽപിക്കപ്പെടാത്തതാകും അവർ പ്രവർത്തിക്കുക. അത്തരമാളുകളെ കൈകൊ□ ˘ നേരിടുന്നവൻ മുഅ്മിനാണ്. നാവു കൊ□ ˘ നേരിടുന്നവനും മുഅ്മിനാണ്. ഹൃദയം കൊ□ ˘ നേരിടുന്നവനും മുഅ്മിനാണ്. അതിനപ്പുറം പിന്നെ, കടുകു മണിയോളം പോലും ഈമാനിന്റെ സാന്നിധ്യമില്ല.'' (മുസ്ലിം)

ചുരുക്കത്തിൽ, പ്രവാചകചര്യയെ മുഴുവനായും ഉൾക്കൊള്ളുകയാണ് ഇഹപര വിജയത്തിന് നിദാനമെന്ന് നാം മനസ്സിലാക്കുന്നു. ആ ജീവസ്സുറ്റ, ഭംഗിയാർന്ന മാതൃകയിൽ നിന്നകന്നാൽ പരാജയമായിരിക്കും ഫലമെന്നും നാം തിരിച്ചറിയുന്നു. നബി(ﷺ)യുടെ ജീവിതത്തെ പിന്തുടരാതെ, ഇതര ആദർശങ്ങളേയും ചര്യകളേയും അനുധാവനം ചെയ്ത് ജീവിക്കുന്നവൻ സ്വന്തത്തോട് അക്രമം പ്രവർത്തിക്കുന്നവനാണെന്ന് ഖുർആൻ പ്രസ്താവിക്കുന്നു□ ˘. പരലോകത്തുവെച്ചായിരിക്കും അവനത് ബോധ്യപ്പെടുക. അന്നവൻ വൃഥാ വിലപിക്കുകയും ചെയ്യും. ര□ ˘ ആയത്തുകൾ ശ്രദ്ധിക്കുക:

وَيَوْمَ يَعَضُّ الظَّالِمُ عَلَى يَدَيْهِ يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ سَبِيلًا (الفرقان: 27)

''അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.'' (ഫുർഖാൻ/27)

وقال تعالى: {يَوْمَ تُقَلَّبُ وُجُوهُهُمْ فِي النَّارِ يَقُولُونَ يَا لَيْتَنَا أَطَعْنَا اللَّهَ وَأَطَعْنَا الرَّسُولَا (الأحزاب: 66)

''അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും: ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!'' (അഹ്സാബ്/66)

അല്ലാഹുവിനേയും അന്ത്യപ്രവാചകനായ മുഹമ്മദ് നബി(ﷺ)യേയും അനുസരിച്ച് ജീവിക്കാൻ അല്ലാഹു സുബ്ഹാനഹു വ തആല നമുക്ക് തൗഫീഖ് നൽകട്ടെ. ആമീൻ.

************

IslamHouse.com